പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7471 17.7.2012-ൽ മറുപടിയ്ക്ക്

ഹോർട്ടികൾച്ചറൽ മിഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഹോർട്ടികൾച്ചറൽ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കമോ; | (എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി, പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിത കൃഷി, വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി, ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി, കൂൺകൃഷി, ഇടുക്കി ജില്ലയിൽ ശീതകാല ഫലവർഗ്ഗകൃഷി, വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി എന്നിവയാണ് ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ. കൂടാതെ 2012-13 |

സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഹോൾട്ടികൾച്ചറൽ മിഷൻവഴി പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

(ബി) 2011-12-ൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്ന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികളാണ്.

1. തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ 1071 ലക്ഷം രൂപയുടെ പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി.

2.പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിത കൃഷിക്കായി 505 ലക്ഷം രൂപയുടെ പദ്ധതി .

3. 500 ഹെക്ടർ സ്ഥലത്ത് വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി നടപ്പിലാക്കുന്നതിനായി 280 ലക്ഷം രൂപയുടെ പദ്ധതി.

4. 1000 ഹെക്ടർ സ്ഥലത്ത് ടിഷ്യുക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 312 ലക്ഷം രൂപയുടെ പദ്ധതി.

5. കർഷകരെയും സ്ത്രീകളേയും കൂൺകൃഷിയിലേയ്ക്ക്

ആകർഷിക്കുന്നതിനായി 250 യൂണിറ്റ് കൂൺകൃഷി വികസനത്തിന് 28.13 ലക്ഷം രൂപയുടെ പദ്ധതി

6. ഇടുക്കി ജില്ലയിൽ ശീതകാല ഫലവർഗ്ഗകൃഷി വികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന 606.3 ലക്ഷം രൂപയുടെ പദ്ധതി.

7. വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൃഷി പ്രോത്സാഹനം ലക്ഷ്യമിടുന്ന 1164.05 ലക്ഷം രൂപയുടെ പദ്ധതി.

കൂടാതെ 2012-13 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ്.

**സെക്ഷൻ ഓഫീസർ**